File No.FWLD-B2/124/2018-FWLD

12648
21/7/18

കേരള സർക്കാർ

സംഗ്രഹം

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ശ്രീകോവിലുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തേക്കുതടി നീക്കം ചെയ്യുന്നതിനുണ്ടായ കാലതാമസം കൊണ്ടുണ്ടായ അധിക ചാർജ്ജ് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി(ബി)വകുപ്പ്

**സ.ഉ.(സാധാ) നം.295/2018/വനം തീയതി,തിരുവനന്തപുരം, 23/06/2018**

---

പരാമർശം:- 1 13.06.2007 തീയതിയിലെ ജി.ഒ (എം.എസ്) 38/07/വനം സർക്കാർ ഉത്തരവ്

2 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)- ന്റെ 5/6/2018-ലെ പ്രൊ(5)-58578/17 നമ്പർ കത്ത്.

ഉത്തരവ്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ശ്രീകോവിലുകളുടെ പുനരുദ്ധാരണവും, ക്ഷേത്രത്തിലെ ധ്വജസ്തംഭത്തിന്റെ പുന:സ്ഥാപനത്തിന്റെയും ഭാഗമായി കോന്നി, പുനലൂർ, നിലമ്പൂർ ഫോറസ്റ്റ് ഡിവിഷനുകളിൽ നിന്നും നിർമ്മാണപ്രവർത്തനങ്ങൾക്കുള്ള തേക്കുതടികൾ ക്ഷേത്ര ഭാരവാഹികൾ കണ്ടെത്തിയിരുന്നു. തടിവിലയിൽ ഇളവ് ലഭിക്കുമെന്ന വിശ്വാസത്തിൽ നിലമ്പൂർ (അരുവാക്കോട്) ഡിപ്പോയിൽ നിന്നും 29.906 മീറ്റർ ക്യൂബ് തടിയും, കോന്നി ഡിവിഷനിൽ (കുമ്മണ്ണൂർ) നിന്നും 39.260 മീ. ക്യൂബ് തടിയും മുഴവൻ തുകയും ഒടുക്കി ക്ഷേത്ര ഭാരവാഹികൾ ഏറ്റെടുത്തിട്ടുള്ളതായും പുനലൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന്റെ (ടിമ്പർ സെയിൽസ്) ന്റെ കീഴിലുള്ള പത്തനാപുരം, അരുവാപ്പലം, കോന്നി ഡിപ്പോകളിൽ നിന്നും യഥാക്രമം 15.050 മീ ക്യൂബ്, 9.146 മീ.ക്യൂബ്, 7.966 മീ.ക്യൂബ് തടികൾ ഇനിയും ഏറ്റെടുക്കാനുണ്ടെന്നും എന്നാൽ ഈ തടികൾ വിട്ടു നൽ കുന്നതിന് പരാമർശം 1) സർക്കാർ ഉത്തരവ് പ്രകാരമുള്ള പിഴ ഒടുക്കണമെന്നും, അതിനുള്ള കാലാവധി കഴിഞ്ഞുപോയതിനാൽ, തടി വിട്ടു നല്കാൻ സർക്കാർ അനുമതി ആവശ്യമാണെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)പരാമർശം 2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ ദേശീയപ്രാധാന്യവും

പുനരുദ്ധാരണത്തിന്റെ ആവശ്യകതയും കണക്കിലെടുത്ത് ക്ഷേത്രത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്ന് കാണുന്നതായും അതിനാൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പിഴപലിശയും സർച്ചാർജ്ജും തറവാടകയും ഒഴിവാക്കി ക്ഷേത്ര പുനരുദ്ധാരണത്തിലേയ്ക്കായുള്ള തടി ഡിപ്പോയിൽ നിന്നും വിട്ടുനല്കുന്നതിന് ഉത്തരവാകണമെന്നും പരാമർശം 2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ശുപാർശ ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -ന്റെ ശുപാർശ പരിഗണിച്ചും, പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ദേശീയപ്രാധാന്യവും, പുനരുദ്ധാരണത്തിന്റെ ആവശ്യകതയും കണക്കിലെടുത്തും പരാമർശം 1) ഉത്തരവിലെ ഖണ്ഡിക 15, 16, 17 ലേലവ്യവസ്ഥകളിൽ ഇളവ് അനുവദിച്ചുകൊണ്ടും, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് പിഴപ്പലിശയും, സർച്ചാർജ്ജും, തറവാടകയും ഒഴിവാക്കി ക്ഷേത്ര പുനരുദ്ധാരണത്തിനുള്ള തടി ഡിപ്പോയിൽ നിന്നും വിട്ടു നല്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അനില് കുമാര്.വി.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം

വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ